**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 54** **22-02-2022 - ൽ മറുപടിയ്ക്ക്**

**കെ-ഫോണിന്റെ പ്രാധാന്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. ലിന്റോ ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സാമൂഹ്യനീതിയിലധിഷ്ഠിതമായ വികസനത്തിന് ഡിജിറ്റൽ വിടവ് ഇല്ലാതാക്കേണ്ടത് അനിവാര്യമായതിനാൽ പ്രസ്തുത ലക്ഷ്യത്തോടെ കഴിഞ്ഞ സർക്കാർ സംസ്ഥാനത്ത് ഡിജിറ്റൽ പശ്ചാത്തലസൗകര്യം സാർവ്വത്രികവും സുശക്തവുമാക്കിത്തീർക്കുന്നതിന് ആവിഷ്കരിച്ച കെ-ഫോൺ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (എ) | ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചു കൊണ്ട്, സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്-വർക്ക് (കെ-ഫോൺ). കെ-ഫോൺ പദ്ധതി വഴി സംസ്ഥാനത്താകമാനം സുശക്തമായ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിക്കുവാനും അതുവഴി സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ ശക്തവും കാര്യക്ഷമവും ആക്കുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കെ-ഫോൺ പദ്ധതി നടത്തിപ്പിനായി കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെയും (കെ.എസ്.ഐ.ടി.ഐ.എൽ), കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റേയും (കെ.എസ്.ഇ.ബി), സംസ്ഥാന സർക്കാരിന്റെയും ഓഹരി പങ്കാളിത്തത്തോടുകൂടി ' കെ-ഫോൺ ലിമിറ്റഡ് ' എന്ന പേരിൽ ഒരു ജോയിന്റ് വെൻചർ കമ്പനി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ (M/s BEL) കൺസോർഷ്യത്തിനാണ് പദ്ധതി നിർവ്വഹണ ചുമതല. പദ്ധതിയുടെ നെറ്റ് വർക്ക് ഓപ്പറേറ്റിംഗ് സെന്ററിന്റെ പണികൾ പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായുള്ള കേബിളുകൾ വലിക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായി. 2022 ജൂണിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിൽ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ 7 ജില്ലകളിലായി 3000-ത്തിലധികം ഓഫീസുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. |
| (ബി) | സാമ്പത്തികമായി അടിത്തട്ടിലുള്ള ഇരുപത് | (ബി) | കെ-ഫോൺ പദ്ധതി പ്രകാരം സർക്കാർ |

| | | | |
|---|---|---|---|
| | ലക്ഷത്തോളം കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് കുറഞ്ഞ നിരക്കിലും അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കാനുള്ള പദ്ധതി യാഥാർത്ഥ്യമാക്കാതിരിക്കാൻ അടിസ്ഥാനരഹിത ആരോപണങ്ങളിലൂടെയും അവാസ്തവ പ്രചാരണങ്ങളിലൂടെയും ചിലർ നടത്തിയ അട്ടിമറി ശ്രമങ്ങൾ അതിജീവിച്ച് പദ്ധതി പ്രവൃത്തിപഥത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോ; | | ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ തുടങ്ങിയവയ്ക്ക് ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു. പ്രസ്തുത പദ്ധതി 2022 ജൂൺ മാസത്തോടെ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഡിജിറ്റൽ ഇക്കോണമിയിലൂടെ വിജ്ഞാന സമ്പദ്ഘടന സൃഷ്ടിച്ച് സംസ്ഥാന വികസനം വികസിത രാജ്യങ്ങളുടേതിനൊപ്പമാക്കി തീർക്കുകയെന്ന ലക്ഷ്യത്തിന് കെ-ഫോൺ വഹിക്കുന്ന പ്രാധാന്യം വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ ശക്തവും കാര്യക്ഷമവും ആക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കെ-ഫോൺ. സുശക്തമായ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സംസ്ഥാനത്താകെ സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതി വഴി സംസ്ഥാനത്തെ 30,000 ത്തോളം വരുന്ന സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് അതിവേഗ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാവുന്നതാണ്. കൂടാതെ, ഈ പദ്ധതി വഴി 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് ലഭ്യമാക്കാൻ സഹായകമാകും. സംസ്ഥാന സർക്കാരിന്റെയും മറ്റ് സ്വകാര്യ ടെലികോം സർവ്വീസ് പ്രൊവൈഡറിന്റെയും നിലവിലുള്ള ബാന്റ് വിഡ്ത്ത് പരിശോധിച്ച് അതിന്റെ അപര്യാപ്തത മനസ്സിലാക്കുകയും അത് പരിഹരിച്ച് ഭാവിയിലേക്ക് ആവശ്യമായ ബാൻഡ് വിഡ്ത്ത് സജ്ജമാക്കുന്ന രീതിയിലാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ആർട്ടിഫിഷൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ് ഓഫ് തിങ്സ്, സ്റ്റാർട്ടപ്പ്, സ്മാർട്ട് സിറ്റി തുടങ്ങിയ വിവിധ മേഖലകളെ മികവിന്റെ കേന്ദ്രങ്ങളാക്കുവാനും അതുവഴി വിജ്ഞാന സമ്പദ്ഘടന സൃഷ്ടിച്ച് സംസ്ഥാനത്തിന്റെ സുസ്ഥിര വികസനം ഉറപ്പാക്കുവാനും കെ-ഫോൺ പദ്ധതി പ്രയോജനപ്രദമാകും. |

സെക്ഷൻ ഓഫീസർ